"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി (WTO സെൽ) വകുപ്പ്-പശ്ചിമഘട്ട മേഖലയിലെ കൃഷി സംരക്ഷണം സംബന്ധിച്ച് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നതിനും തുക വിനിയോഗിക്കുന്നതിനും-കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1166/2024/AGRI തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.11.2024 തീയതിയിലെ ADFW/12069/2024-TR1 നമ്പർ കത്ത്

**ഉത്തരവ്**

പശ്ചിമഘട്ട മേഖലയിലെ കൃഷി സംരക്ഷണം സംബന്ധിച്ച് , ഈ മേഖലയിലെ ദേശീയ-അന്തർദേശീയ വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഏകദിന ശില്പശാല നടത്തുന്നതിനായി സംസ്ഥാനത്തെ പതിനാല്പ ജില്ലകളിലെയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ , കൃഷി ഓഫീസർമാർ , കർഷക പ്രമുഖർ എന്നിവർ ഉൾപ്പടെ ഏകദേശം 50-60 പേരെ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും കൂടാതെ, പ്രസ്തുത ശില്പശാല നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനു 4 ലക്ഷം രൂപ വരെ ചെലവഴിക്കുവാൻ ലഭ്യമാണ് എന്ന വിവരവും പരാമർശം 1 പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

2) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പശ്ചിമഘട്ട മേഖലയിലെ കൃഷി സംരക്ഷണം സംബന്ധിച്ച് ,ഈ മേഖലയിലെ ദേശീയ-അന്തർദേശീയ വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഏകദിന ശില്പശാല 4 ലക്ഷം രൂപ (നാല് ലക്ഷം രൂപ മാത്രം) -യിൽ അധികരിക്കാതെയുള്ള തുക വിനിയോഗിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സാജു സുരേന്ദ്രൻ ഐ ഇ എസ്
SPECIAL OFFICER

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (E 2981703 ,ഫയൽ നം.AGRI-WTO1/128/2024-AGRI-Part(2) )

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 11-12-2024 17:01:48
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി-യുടെ പി.എ-യ്ക്ക്
കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ പി.എ-യ്ക്ക്.